0/c

150 YEARS OF CELEBRATING THE MAHATMA

**വിവരാവകാശം/മറുപടി**

നം. G1-978/19

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 13.02.2019.
Email - swdkerala@gmail.com
Phone : 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ. എ.എസ്. ഉല്ലാസ് കുമാർ,
ചീഫ് റിപ്പോർട്ടർ,
മലയാള മനോരമ,
റിങ് റോഡ്, പത്തനംതിട്ട – 689 645.

Fd & e-mail on 15.02.2019.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – ഡയറക്ടറേറ്റ് - വിവരാവകാശ നിയമം 2005 മറുപടി നൽകുന്നത് – സംബന്ധിച്ച്.

സൂചന :- 1) 02.01.2019 തീയതിയിലെ സാ.നീ.വ.-സി1/17/2019/സാ.നീ.വ. നം. സർക്കാർ കത്ത്.

2) 25.01.2019 തീയതിയായി ഈ കാര്യാലയത്തിൽ ലഭ്യമായ താങ്കളുടെ 04.01.2019 തീയതിയായുള്ള വിവരാവകാശ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം ആവശ്യപ്പെട്ട ചോദ്യങ്ങളുടെ മറുപടി ചുവടെ ചേർക്കുന്നു.

1. സർക്കാർ നേരിട്ട് നടത്തുന്ന 16 വൃദ്ധ സദനങ്ങളിലെയും പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ഈ കാര്യാലയത്തിൽ നിന്നും അനുവദിച്ച് നൽകുന്നുണ്ട്. 29.07.2015-ലെ സ.ഉ.(സാധാ) നം. 467/2015/സാ.നീ.വ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മെയിന്റനൻസ് ഗ്രാന്റ് അനുവദിച്ച്

AN

നൽകുന്നത്. ആയത് അന്തേവാസികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ സ്ഥാപനത്തിനും അനുവദിക്കുന്നത്.

2. 3. സർക്കാർ വൃദ്ധ സദനങ്ങളുടെ പ്രവർത്തന ഫണ്ട് ഈ കാര്യാലയത്തിൽ നിന്നും അനുവദിക്കുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ വൃദ്ധ സദന സൂപ്രണ്ടുമാർ മുഖേന താങ്കൾക്ക് നേരിട്ട് ലഭ്യമാകുന്നതായിരിക്കും. എന്നാൽ സർക്കാർ ഇതര സ്ഥാപനങ്ങളിൽ നൽകുന്ന ഗ്രാന്റ് സംബന്ധിച്ച വിശദാംശങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിൽ നിന്നും ലഭ്യമാകുന്നതാണ്.

4. ക്ഷേമസ്ഥാപനങ്ങളിൽ സംരക്ഷിക്കുന്ന വയോജനങ്ങൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നത്. ആയതിന്റെ വിശദ വിവരങ്ങൾ ഈ കാര്യാലയത്തിൽ ശേഖരിച്ചിട്ടില്ലാത്തതാണ്. കൂടാതെ കട്ടിൽ, കിടക്ക, പാത്രങ്ങൾ, ലൈബ്രറി തുടങ്ങിയവ തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേന അന്തേവാസികൾക്ക് നൽകുന്നുണ്ട്.

മേൽപ്പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റി മുൻപാകെ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ്പീൽ അതോറിറ്റിയുടെ വിലാസം

ശ്രീമതി. കെ. ഗീത,
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ,
തിരുവനന്തപുരം.

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം.**

പകർപ്പ്:-

എല്ലാ വൃദ്ധ സദന സൂപ്രണ്ടുമാർക്കും. (ചോദ്യം 2, 3 എന്നിവയുടെ വിവരങ്ങൾ അപേക്ഷകന് നേരിട്ട് നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

AN

F. 126059

(-17, 19.

To,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി
സാമൂഹ്യനീതി വകുപ്പ്
ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

5 JAN 2019

From,

എ.എസ്. ഉല്ലാസ് കുമാർ
ചീഫ് റിപ്പോർട്ടർ
മലയാള മനോരമ
റിങ് റോഡ്,
പത്തനംതിട്ട-689645
ഫോൺ---9846061053

3/67009

## വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ

1. സംസ്ഥാന സർക്കാർ നേരിട്ടു നടത്തുന്നതും ഓർഫനേജ് കൺട്രോൾ ബോർഡിന്റെയും നിയന്ത്രണത്തിലുള്ള വൃദ്ധ സദനങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നത് എത്ര എണ്ണത്തിനാണെന്നതിന്റെയും ഒരു അന്തേവാസിക്ക് എത്ര രൂപ വീതം കണക്കാക്കിയാണ് തുക നൽകുന്നുവെന്നതിന്റെയും വിവരം ലഭ്യമാക്കുക.
2. സംസ്ഥാന സർക്കാർ നേരിട്ടു നടത്തുന്നതും ഓർഫനേജ് കൺട്രോൾ ബോർഡിന്റെയും നിയന്ത്രണത്തിലുള്ള വൃദ്ധ സദനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനായി 2015,2016,2017,2018 വർഷങ്ങൾ ചെലവായ തുക എത്രയാണെന്നതിന്റെയും വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കുക.
3. സംസ്ഥാന സർക്കാർ നേരിട്ടു നടത്തുന്നതും ഓർഫനേജ് കൺട്രോൾ ബോർഡിന്റെയും നിയന്ത്രണത്തിലുള്ള വൃദ്ധ സദനങ്ങൾക്ക്താമസിക്കുന്ന എത്ര അന്തേവാസികൾക്കാണ് നിലവിൽ ഗ്രാന്റ് നൽകുന്നത്. 2015, 2016,2017 വർഷങ്ങളിൽ എത്ര അന്തേവാസിക്ക് വീതമാണ് ഗ്രാന്റ് നൽകിയതെന്നതിന്റെയും വിവരം ലഭ്യമാക്കുക.
4. സർക്കാർ നേരിട്ട് നടത്തുന്നതും ഓർഫനേജ് കൺട്രോൾ ബോർഡിന്റെയും നിയന്ത്രണത്തിലുള്ള വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കായി നൽകുന്ന മറ്റു സർക്കാർ സഹായങ്ങളെന്തൊക്കെയാണെന്നതിന്റെയും ഇതിനായി 2015,2016,2017,2018 വർഷങ്ങളിൽ ചെലവായ തുകയുടെയും വിവരങ്ങൾ ലഭ്യമാക്കുക.

വിവരങ്ങൾ ലഭ്യമാക്കുന്നതിന് അധിക ചിലവ് വേണ്ടി വന്നാൽ അത് വഹിക്കാൻ ഞാൻ തയാറാണെന്നും അറിയിക്കുന്നു.

മുകളിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ഏതെങ്കിലും താങ്കളുടെ ഓഫീസിൽ ലഭ്യമല്ലെങ്കിൽ വിവരാവകാശ നിയമം 2001 വകുപ്പ് 6(3) അനുസരിച്ചും ചീഫ ഇൻഫർമേഷൻ കമ്മീഷണറുടെ തീർപ്പ് നമ്പർ CIC/SM/A/2011/000278/SG/ 12906 അനുസരിച്ചും ഈ അപേക്ഷയുടെ പകർപ്പ് ബന്ധപ്പെട്ട കാര്യാലയത്തിലേക്ക് അഞ്ചു ദിവസത്തിനകം കൈമാറ്റം ചെയ്യേണ്ടതും ആ വിവരം എന്നെ അറിയിക്കുകയും ചെയ്യണം. വിവരാവകാശ നിയമപ്രകാരം 2005 വകുപ്പ് 7(9) അനുസരിച്ച് വിവരങ്ങൾ ബോധ്യപ്പെടുത്തിയ രേഖകൾ നൽകണമെന്ന കാര്യം ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ (TREESA IRISH VS CENTRAL PUBLIC INFORMATION OFFICER , WP© NO.6532/2006) പശ്ചാത്തലത്തിൽ ഞാൻ പരാമർശിക്കുന്നു. ആയതിനാൽ മേൽ ആവശ്യപ്പെട്ട വിവരങ്ങൾ താങ്കളുടെ കാര്യാലയത്തിൽ ലഭ്യമായ രൂപത്തിൽ എനിക്ക് സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുക

ആദരവോടെ

എ.എസ്. ഉല്ലാസ് കുമാർ

04-01-2019
പത്തനംതിട്ട